**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4464** **04.02.2014-ലെ മറുപടിക്ക്**

## സ്വകാര്യ വ്യക്തിക്ക് അനുവദിച്ച മിച്ചഭൂമി

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**
**ശ്രീമതി.പി.അയിഷാ പോറ്റി**
**ശ്രീ.സി.കെ.സദാശിവൻ**
**ശ്രീ.കെ.സുരേഷ് കുറുപ്പ്**

**മറുപടി**

**ശ്രീ.അടൂർപ്രകാശ്**
**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ട ജില്ലയിൽ ഒരു സ്വാശ്രയ പ്രൊഫഷണൽ കോളേജ് ആരംഭിക്കുന്നതിന് ഒരു സ്വകാര്യവ്യക്തിക്ക് സർക്കാർ മിച്ചഭൂമി അനുവദിക്കുകയുണ്ടായോ; | (എ) | സ്വാശ്രയ മേഖലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ ഏനാദിമംഗലം വില്ലേജിൽപ്പെടുന്ന 11.9472 ഹെക്ടർ ഭൂമിയ്ക്ക് കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ഭൂപരിധിയിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കോളേജ് ആരംഭിക്കുവാൻ പദ്ധതിയിട്ടിരിക്കുന്ന ട്രസ്റ്റിന്റെ ചെയർമാൻ സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച് കേരള ഭൂപരിഷ്കരണ നിയമത്തിലെ 81(3)വകുപ്പ് പ്രകാരം ടി 11.9472 ഹെക്ടർ ഭൂമിയ്ക്ക് ഭൂപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ട് 07.10.2013 ലെ സ.ഉ.(പി)നമ്പർ.441/2013/റവന്യൂ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി അനുവദിച്ചത് വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചുകൊണ്ടായിരുന്നുവോ; എന്തൊക്കെയായിരുന്നു വ്യവസ്ഥകൾ; വിശദമാക്കാമോ; | (ബി) | കേരള ഭൂപരിഷ്കരണ നിയമത്തിലെ 81(3) വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചുകൊണ്ടും 8(എട്ട്) വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുമാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. വ്യവസ്ഥകൾ അടങ്ങിയ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഇത്തരം ഒരു തീരുമാനത്തിനിടയാക്കിയ സാഹചര്യങ്ങൾ എന്തായിരുന്നു; വ്യക്തമാക്കാമോ; | (സി) | സ്വാശ്രയ മേഖലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ ഏനാദിമംഗലം വില്ലേജിൽപ്പെടുന്ന 11.9472 ഹെക്ടർ ഭൂമിയ്ക്ക് കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ഭൂപരിധിയിൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കോളേജ് ആരംഭിക്കുവാൻ പദ്ധതിയിട്ടിരിക്കുന്ന ട്രസ്റ്റിന്റെ ചെയർമാൻ സർക്കാരിന് സമർപ്പിച്ചിരുന്ന അപേക്ഷ, കേരള ഭൂപരിഷ്കരണ നിയമത്തിലെ 81(3) വകുപ്പ് പ്രകാരം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഭൂമി വിദ്യാഭ്യാസ ആവശ്യത്തിനായി വിനിയോഗിക്കുന്നതാണെന്ന് സർക്കാരിന് ഉത്തമവിശ്വാസം വന്നതും, ഇത് മൂലം പൊതു താത്പര്യം സംരക്ഷിക്കപ്പെടുമെന്ന് ബോധ്യപ്പെട്ടതുമാണ് ഭൂപരിധിയിൽ ഇളവ് നൽകാമെന്ന തീരുമാനമെടുക്കാനിടയാക്കിയ സാഹചര്യം. |

**സെക്ഷൻ ഓഫീസർ**